**പന്മനയുടെ സ്മരണയിൽ**

# എ ആർ സമ്പൂർണ കൃതികളുടെ പ്രകാശനം



എ ആർ സമ്പൂർണകൃതികൾ പ്രൊഫ. കേശവൻ വെളുത്താട്ട് പന്മന രാമചന്ദ്രൻനായരുടെ മകൾ ഡോ. കെ ആർ ഉഷാകുമാരിക്ക് നൽകി പ്രകാശനം ചെയ്യുന്നു

**തിരുവനന്തപുരം**

മലയാളികളെ തെറ്റില്ലാത്ത മലയാളം പഠിപ്പിച്ച പന്മന രാമചന്ദ്രൻനായരുടെ സ്മരണയിൽ എ ആർ സമ്പൂർണകൃതികളുടെ പ്രകാശനം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന എ ആർ സമ്പൂർണ കൃതികളുടെ ചീഫ് എഡിറ്റർ പന്മന രാമചന്ദ്രൻനായരായിരുന്നു. പുസ്തകം പ്രകാശനത്തിന് ഒരുങ്ങുംമുമ്പേ അദ്ദേഹം വിടപറഞ്ഞു.

വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്ന ചടങ്ങിൽ എ ആർ സമ്പൂർണകൃതികൾ ഒന്ന്, രണ്ട്, നാല് വാല്യങ്ങളുടെ പ്രകാശനം പ്രശസ്ത ചരിത്രപണ്ഡിതനും തീരദേശ പൈതൃക പഠനകേന്ദ്രം ഡയറക്ടറുമായ പ്രൊഫ. കേശവൻവെളുത്താട്ട് നിർവഹിച്ചു. പന്മന രാമചന്ദ്രൻനായരുടെ മകൾ ഡോ. കെ ആർ ഉഷാകുമാരിയും മകൻ കെ ആർ ഹരീന്ദ്രകുമാറുമാണ് പുസ്തകങ്ങൾ ഏറ്റുവാങ്ങിയത്.

എ ആർ സമ്പൂർണകൃതികളുടെ പ്രകാശനച്ചടങ്ങ് അദ്ദേഹം ഏറെ ആഗ്രഹിച്ചിരുന്നതായിരുന്നുവെന്ന് പന്മനയുടെ മകൾ ഉഷാകുമാരി പറഞ്ഞു. അദ്ദേഹത്തിന്റെ നിശബ്ദസാന്നിധ്യം ഇവിടെയുണ്ട്. എത്രവർഷം കഴിഞ്ഞാലും ഭാഷയെ സ്നേഹിക്കുന്നവരോടൊപ്പം അദ്ദേഹത്തിന്റെ രചനകളും നിലനിൽക്കുമെന്നും അവർ പറഞ്ഞു.

കൊളോണിയൽ അധിനിവേശത്തിൽ വീർപ്പുമുട്ടുന്ന ഒരു ജനതയോട് മാതൃഭാഷയിലൂടെമാത്രമേ ആത്മാവിഷ്കാരം സാധിക്കൂ എന്ന് പറയുകയും പഠിപ്പിക്കുകയും ചെയ്ത ആളായിരുന്നു എ ആർ എന്ന് കേശവൻ വെളുത്താട്ട് പറഞ്ഞു. ശക്തമായ കോളനിവിരുദ്ധ സമരംതന്നെയായി അദ്ദേഹത്തിന്റെ ഇടപെടലുകളെ കാണാം. ഏത് ശാസ്ത്രവിഷയവും കൈകാര്യം ചെയ്യത്തക്കവിധം മലയാളത്തെ മെരുക്കിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് എ ആർ നിർവഹിച്ചതെന്നും അദ്ദേഹം പറഞ്ഞു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി കാർത്തികേയൻനായർ അധ്യക്ഷനായി. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ പുസ്തകപരിചയം നടത്തി. ഡോ. പി സോമൻ പന്മന അനുസ്മരണപ്രഭാഷണം നടത്തി. വട്ടപ്പമ്പിൽ ഗോപിനാഥപിള്ള സംസാരിച്ചു. മലയാള വ്യാകരണവും വൃത്താലങ്കാരാദി പഠനങ്ങളും എ ആറിനുശേഷം എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. ടി ബി വേണുഗോപാലപ്പണിക്കർ, ഡോ. സി ആർ പ്രസാദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. എസ് ഷിഫ അധ്യക്ഷയായി.

നാല് വാല്യങ്ങളായിട്ടാണ് സമ്പൂർണകൃതി പ്രസിദ്ധീകരിക്കുന്നത്. മൂന്നാംവാല്യം ഉടൻ പ്രസിദ്ധീകരിക്കും. മേഘദൂത്, ഭാഷാകുമാരസംഭവം, മലയാളശാകുന്തളം എന്നിവ ഒന്നാംവാല്യത്തിലും മാളവികാഗ്നിമിത്രം, ചാരുദത്തൻ, സ്വപ്നവാസവദത്തം എന്നിവ വാല്യം രണ്ടിലും ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം എന്നിവ നാലാംവാല്യത്തിലുമായാണ് പ്രസിദ്ധീകരിക്കുന്നത്. 720 രൂപ മുഖവിലയുള്ള സമ്പൂർണ കൃതികളുടെ മൂന്ന് വാല്യങ്ങളും 580 രൂപയ്ക്ക് ലഭ്യമാണ്.